# നിയമസഭാ സാമാജികർക്ക് അനുവദനീയമായിട്ടുള്ള സൗകര്യങ്ങൾ

## (AMENITIES TO MEMBERS)

റിസർച്ച് സെക്ഷൻ,
നിയമസഭാ സെക്രട്ടേറിയറ്റ്
മേയ് , 2006

# കേരള നിയമസഭ

## നിയമസഭാ സാമാജികർക്ക് അനുവദനീയമായിട്ടുള്ള സൗകര്യങ്ങൾ

### 1. താമസസൗകര്യം

നിയമസഭാംഗങ്ങൾക്ക് നിയമസഭാ ഹോസ്റ്റലിൽ ചട്ടപ്രകാരമുള്ള വാടക നൽകി താമസിക്കാവുന്നതാണ്. നിലവിലുള്ള പ്രതിമാസ വാടകനിരക്ക് താഴെപ്പറയും പ്രകാരമാണ്.

| | |
|---|---|
| സിംഗിൾ റൂം | - 25 രൂപ |
| ഡബിൾ റൂം | - 40 രൂപ |
| ഓൾഡ് ഫ്ളാറ്റ്/സ്യൂട്ട് | - 100 രൂപ |
| ന്യൂ ഫ്ളാറ്റ് | - 200 രൂപ |

ടൂറിസം ഡിപ്പാർട്ടുമെന്റിന്റെ കീഴിലുള്ള ഗസ്റ്റ് ഹൗസുകളിലും ടൂറിസ്റ്റ് ബംഗ്ലാവുകളിലും, പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റസ്റ്റ് ഹൗസുകളിലും, ഇൻസ്പെക്ഷൻ ബംഗ്ലാവുകളിലും സർക്കാർ നിശ്ചയിച്ചിട്ടുള്ള കുറഞ്ഞ നിരക്കിൽ അംഗങ്ങൾക്ക് താമസ സൗകര്യം ലഭിക്കുന്നതാണ്.

### 2. തിരിച്ചറിയൽ കാർഡ്

എല്ലാ നിയമസഭാ സാമാജികർക്കും ഫോട്ടോ പതിച്ച് ലാമിനേറ്റ് ചെയ്ത തിരിച്ചറിയൽ കാർഡുകൾ നൽകുന്നതാണ്. തിരിച്ചറിയൽ കാർഡ് നഷ്ടപ്പെടുന്നപക്ഷം താമസംവിനാ പ്രസ്തുത വിവരം നിയമസഭാ സെക്രട്ടറിയുടെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതാണ്. ഒരംഗം രാജിവയ്ക്കുകയോ നിയമസഭാംഗമല്ലാതായി തീരുകയോ ചെയ്താൽ കാർഡ് നിയമസഭാ സെക്രട്ടേറിയറ്റിൽ തിരിച്ചേൽപ്പിക്കേണ്ടതാണ്.

### 3. ശമ്പളവും ബത്തകളും

1951-ലെ ശമ്പളവും ബത്തകളും നല്കൽ നിയമത്തിലും അതിന്റെ ചട്ടങ്ങളിലും നിയമസഭാംഗങ്ങളുടെ ശമ്പളവും, ബത്തകളും മറ്റ് സൗകര്യങ്ങളും സംബന്ധിച്ച വിശദാംശം അടങ്ങിയിട്ടുണ്ട്.

ഇപ്പോൾ നിയമസഭാംഗങ്ങൾക്ക് താഴെപ്പറയുന്ന നിരക്കിൽ ശമ്പളവും ബത്തകളും വാങ്ങാവുന്നതാണ്.

| | |
|---|---|
| 1. പ്രതിമാസ സ്ഥിരബത്ത | - 300 രൂപ |
| 2. നിയോജകമണ്ഡലത്തിലെ കർത്തവ്യങ്ങൾ നിർവഹിക്കുന്ന ചെലവിനായി | - 3500 രൂപ |
| 3. ടെലിഫോൺബത്ത പ്രതിമാസം | - 4000 രൂപ |

**4. യാത്രാബത്തയും ദിനബത്തയും**

(1) <u>സംസ്ഥാനത്തിനകത്ത് യാത്ര</u>

| | |
|---|---|
| റോഡ് മാർഗ്ഗമുള്ള യാത്രയ്ക്ക് | - കിലോമീറ്ററിന് 4 രൂപ നിരക്കിൽ യാത്രാബത്ത |
| നിയമസഭാ സമ്മേളനദിനങ്ങളിലും നിയമസഭാ സമിതികളുടെ യോഗങ്ങളിലുംപങ്കെടുക്കുന്നതിന് ലഭിക്കുന്ന ദിനബത്ത | - പ്രതിദിനം 400 രൂപ നിരക്കിൽ |

സംസ്ഥാനത്തിനുള്ളിലെ യാത്രകൾക്ക് ഓരോ അംഗത്തിനും പ്രതിമാസം ഏറ്റവും കുറഞ്ഞത് 7,500 രൂപയ്ക്ക് അർഹതയുണ്ട്

(2) <u>സംസ്ഥാനത്തിന് പുറത്തുള്ള യാത്ര</u>

| | |
|---|---|
| (എ) തീവണ്ടിമാർഗ്ഗമുള്ള യാത്രയ്ക്ക് | - ഒന്നാം ക്ലാസ്സ് റെയിൽവേ ടിക്കറ്റ് നിരക്കും കിലോമീറ്ററിന് 25 പൈസ നിരക്കിൽ യാത്രാചെലവും |
| (ബി) റോഡുമാർഗ്ഗമുള്ള യാത്രയ്ക്ക് | - കിലോമീറ്ററിന് 4 രൂപ നിരക്കിൽ യാത്രാബത്ത |
| (സി) ദിനബത്ത | - 400 രൂപ |

**5. യാത്രാസൗകര്യങ്ങൾ**

(1) നിയമസഭാംഗങ്ങൾക്ക് തിരിച്ചറിയൽ കാർഡുപയോഗിച്ച് കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ ബസ്സുകളിൽ സൗജന്യമായി യാത്ര ചെയ്യാവുന്നതാണ്.

(2) ഓരോ നിയമസഭാസാമാജികനും ഒരു വർഷത്തേക്ക് 70,000 രൂപ മൂല്യമുള്ള റെയിൽവേ കൂപ്പൺ/ഫ്യുവൽ കൂപ്പൺ നൽകുന്നതാണ്. റെയിൽവേ കൂപ്പൺ ഉപയോഗിച്ച് അംഗത്തിനും അംഗത്തിന്റെ ഭാര്യ/ഭർത്താവിനും ഒരു സഹായിക്കും ഇന്ത്യയൊട്ടാകെ റെയിൽവേകളിൽ ഏതു ക്ലാസ്സിലും യാത്രചെയ്യാവുന്നതാണ്.

(3) സമ്മേളന കാലത്ത് അംഗങ്ങളെ നിയമസഭാ ഹോസ്റ്റലിൽ നിന്ന് നിയമസഭാ മന്ദിരത്തിലേക്കും, തിരികെ നിയമസഭാ ഹോസ്റ്റലിലേക്കും എത്തിക്കുന്നതിനുള്ള വാഹനസൗകര്യം ലഭ്യമാകുന്നതാണ്.

**6. ടെലിഫോൺ സൗകര്യം**

നിയമസഭാ ഹോസ്റ്റലിലെ അംഗങ്ങൾക്കുള്ള മുറികളിലും, ഫ്ളാറ്റുകളിലും ടെലിഫോൺ സജ്ജീകരിച്ചിട്ടുണ്ട്. ലോക്കൽ കാളുകൾ സൗജന്യമാണ്.

ഓരോ നിയമസഭാംഗത്തിനും കാലാവധി തീരുന്നതുവരെയും പിന്നീട് 15 ദിവസത്തേക്കും അവർ സാധാരണ താമസിക്കുന്ന വസതിയിൽ ഒരു ടെലിഫോൺ സ്ഥാപിച്ചു കിട്ടുന്നതാണ്. ടെലിഫോൺ സ്ഥാപിക്കുന്നതിനുള്ള ചെലവും, വാടകച്ചെലവും ആരംഭത്തിൽ അംഗം വഹിക്കേണ്ടതും അപ്രകാരം നൽകിയ തുക കമ്പിത്തപാൽ വകുപ്പിന്റെ രസീത് ഹാജരാക്കുന്ന മുറയ്ക്ക് നിയമസഭാ സെക്രട്ടേറിയറ്റ് തിരികെ നൽകുന്നതാണ്.

## 7. ഇന്റർനെറ്റ് സൗകര്യം

നിയമസഭാ ഹോസ്റ്റലിലെ കമ്പ്യൂട്ടർ റൂമിൽ സാമാജികർക്ക് ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. ഔദ്യോഗിക കാര്യങ്ങൾക്ക് ഉപയോഗിക്കുന്നതിലേയ്ക്കായി അംഗങ്ങൾക്ക് വ്യക്തിഗത ഇ-മെയിൽ അഡ്രസ്സ് നൽകുന്നതാണ്. (ഫോൺ നമ്പർ: 2288)

നിയമസഭാ വെബ്സൈറ്റ് അഡ്രസ്സ് : http://www.niyamasabha.org

## 8. അസിസ്റ്റന്റിന്റെ സേവനം

നിയമസഭാംഗം എന്ന നിലയിലുള്ള പ്രവർത്തനങ്ങളെ സഹായിക്കുന്നതിനായി ഓരോ അംഗത്തിനും ഗവൺമെന്റ് സർവ്വീസിലുള്ള ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ സെലക്ഷൻ ഗ്രേഡ് അസിസ്റ്റന്റിന്റെ റാങ്കിൽ കവിയാത്ത റാങ്കിലുള്ള ഒരു ഉദ്യോഗസ്ഥനെ അസിസ്റ്റന്റായി നിയമിക്കാവുന്നതാണ്. സർക്കാരിന്റെയോ, സർക്കാരിന്റെ കീഴിലുള്ള ലോക്കൽ അതോറിറ്റി, കോർപ്പറേഷൻ എന്നിവയിലേയോ ഉദ്യോഗസ്ഥരെ അംഗത്തിന്റെ ഇഷ്ടാനുസരണം തെരഞ്ഞെടുക്കാവുന്നതാണ്.

## 9. ലെറ്റർ ഹെഡ്

നിയമസഭാസാമാജികർക്ക് വർഷം തോറും മലയാളത്തിലും ഇംഗ്ലീഷിലുമുള്ള ചെറുതും വലുതുമായ ലെറ്റർഹെഡുകൾ അച്ചടിച്ച് വേണ്ടത്ര കവറുകളോടൊപ്പം ലഭ്യമാക്കുന്നതാണ്.

## 10. അംഗങ്ങൾക്കുള്ള കത്തുകളുടെ വിതരണം

നിയമസഭാംഗങ്ങൾക്ക് വരുന്ന കത്തുകളും മറ്റ് പോസ്റ്റൽ ഉരുപ്പടികളും നിയമസഭാഹോസ്റ്റലിന്റെ പ്രവേശന കവാടത്തിൽ സ്ഥാപിച്ചിട്ടുള്ള പ്രത്യേക അറകളിൽ സൂക്ഷിക്കുന്നതാണ്.

## 11. ചികിത്സാ സൗകര്യങ്ങൾ

നിയമസഭാ ഹോസ്റ്റലിൽ 24 മണിക്കൂറും പ്രവർത്തനസജ്ജമായിട്ടുള്ള ഒരു ഹെൽത്ത്ക്ലിനിക്ക് നിലവിലുണ്ട്. നിയമസഭാ സമ്മേളനം നടക്കുന്ന അവസരങ്ങളിൽ വൈകുന്നേരം 4 മണി മുതൽ 5 മണി വരെ നിയമസഭാ ഹോസ്റ്റലിൽ അംഗീകൃത മെഡിക്കൽ അറ്റൻഡന്റിന്റെ സേവനം അംഗങ്ങൾക്കും, അവരുടെ കുടുംബാംഗങ്ങൾക്കും ലഭ്യമാകുന്നതാണ്. സഭ സമ്മേളിക്കുന്ന ദിവസങ്ങളിൽ നിയമസഭാ മന്ദിരത്തിലെ 530-ാം നമ്പർ മുറിയിലും അംഗങ്ങൾക്ക് വൈദ്യസഹായം ലഭ്യമാണ്.

(ഫോൺ നമ്പർ 2043). കൂടാതെ എല്ലാ ബുധനാഴ്ച ദിവസങ്ങളിലും രാവിലെ 7.30 മുതൽ വൈകുന്നേരം 4.30 വരെ ലാബോറട്ടറി പരിശോധനയ്ക്കുള്ള സാമ്പിളുകൾ ഹെൽത്ത് ക്ലിനിക്കിൽ സ്വീകരിക്കുന്നതും, പരിശോധനാർത്ഥം അവയുടെ റിപ്പോർട്ട് ലഭ്യമാക്കുന്നതുമാണ്. പ്രസ്തുത ടെസ്റ്റിനുള്ള ചെലവ് അതത് അംഗം വഹിക്കേണ്ടതാണ്.

1994-ലെ കേരള നിയമസഭാംഗങ്ങൾ (ചികിത്സാ സൗകര്യങ്ങൾ) ചട്ടപ്രകാരം നിയമസഭാംഗങ്ങൾക്കും, അവരുടെ കുടുംബാംഗങ്ങൾക്കും സംസ്ഥാനത്തെ ഗവൺമെന്റ് ആശുപത്രികളിൽ സൗജന്യമായും സംസ്ഥാനത്തെ സ്വകാര്യ അശുപത്രികളിൽ ഗവൺമെന്റ് ചെലവിലും ചികിത്സയ്ക്ക് അർഹതയുണ്ട്. പുറമേ നിന്നും വാങ്ങുന്ന മരുന്നുകളുടെ വില തിരികെ നൽകുന്നു.

ചില നിബന്ധനകൾക്കു വിധേയമായി അംഗങ്ങൾക്ക് സംസ്ഥാനത്തിനു പുറത്തുള്ള ആശുപത്രികളിലും, വിദേശ ചികിത്സയ്ക്കും അർഹതയുണ്ട്.

**12. ഹെൽത്ത് ക്ലബ്**

നിയമസഭാ ഹോസ്റ്റലിലെ ന്യൂ ഫ്ളാറ്റിന്റെ താഴത്തെ നിലയിൽ സ്ഥാപിച്ചിട്ടുള്ള ഹെൽത്ത് ക്ലബ്ബിന്റെ സേവനം അംഗങ്ങൾക്ക് ഉപയോഗപ്പെടുത്താവുന്നതാണ്.

**13. ഇൻഷ്വറൻസ് പദ്ധതി**

ഒരു നിയമസഭാംഗത്തിന് തന്റെ അംഗത്വ കാലാവധിയിൽ ഉണ്ടായേക്കാവുന്ന അപകടങ്ങൾക്ക് പരമാവധി രണ്ട് ലക്ഷം രൂപ വരെ ലഭിക്കുന്ന ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമാകാവുന്നതാണ്. ഇതിനുള്ള എല്ലാ ചെലവും സർക്കാർ വഹിക്കുന്നതാണ്.

**14. ഭവന പദ്ധതി**

പുതിയ വീട് നിർമ്മിക്കുന്നതിനോ നിലവിലുള്ള വീട് പുതുക്കിപ്പണിയുന്നതിനോ പതിനഞ്ച് വർഷത്തിലധികം പഴക്കമില്ലാത്ത വീട് വാങ്ങുന്നതിനോ നിയമസഭാംഗങ്ങൾക്ക് കേരള ഭവന നിർമ്മാണ ബോർഡ് പരമാവധി അഞ്ച് ലക്ഷം രൂപ വരെ 7% പലിശ നിരക്കിൽ വായ്പ അനുവദിക്കും. മുതലും പലിശയും 20 വർഷ കാലയളവിൽ തുല്യഗഡുക്കളായി തിരിച്ചടയ്ക്കേണ്ടതാണ്.

**15. റെയിൽവേ കൗണ്ടർ**

നിയമസഭാംഗങ്ങളുടെ സൗകര്യാർത്ഥം ട്രെയിൻ ടിക്കറ്റ്, റിസർവേഷൻ തുടങ്ങിയവയ്ക്കായി നിയമസഭാഹോസ്റ്റലിലെ ന്യൂ ബ്ലോക്കിലെ 6-ാം നമ്പർ മുറിയിൽ പ്രവർത്തിക്കുന്ന റെയിൽവേ കൗണ്ടറിന്റെ സേവനം അംഗങ്ങൾക്ക് ഉപയോഗപ്പെടുത്താവുന്നതാണ്. (ഫോൺ നമ്പർ: 2392)

**16. നോട്ടീസ് ഓഫീസ്**

നിയമസഭാസമ്മേളന ദിവസങ്ങളിൽ അംഗങ്ങൾക്ക് ആവശ്യമായ വിവിധ ഫോറങ്ങളും, ബില്ലുകളുടെ കോപ്പിയും മറ്റും നിയമസഭാമന്ദിരത്തിന്റെ ഒന്നാം നിലയിൽ

പ്രവർത്തിക്കുന്ന നോട്ടീസ് ഓഫീസിൽ നിന്നും (റൂം നമ്പർ 508) ലഭിക്കുന്നതാണ്. (ഫോൺ നമ്പർ: 2031)

## 17. ടൈപ്പിംഗ് ജോലി

സഭ സമ്മേളിക്കുന്ന ദിവസങ്ങളിൽ അംഗങ്ങൾക്ക് ആവശ്യമായ ടൈപ്പിംഗ് ജോലികൾ ചെയ്തു തരുന്നതിനും നിയമസഭാ മന്ദിരത്തിലെ ഒന്നാം നിലയിലുള്ള നോട്ടീസ് ഓഫീസിൽ തന്നെ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

## 18. വിശ്രമസൗകര്യങ്ങൾ

നിയമസഭാസമ്മേളന സമയത്ത് അംഗങ്ങൾക്ക് വിശ്രമത്തിനായി നിയമസഭാമന്ദിരത്തിന്റെ ഒന്നാം നിലയിലുള്ള 526-ാം നമ്പർ മുറിയിലും താഴത്തെ നിലയിലുള്ള മെമ്പേഴ്സ് ലോഞ്ചിലും വേണ്ട സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. വനിതാ അംഗങ്ങൾക്കുള്ള വിശ്രമമുറി നിയമസഭാ മന്ദിരത്തിലെ 501-ാം നമ്പർ മുറിയിലാണ് സജ്ജീകരിച്ചിട്ടുള്ളത്.

## 19. കാന്റീൻ

നിയമസഭാംഗങ്ങളുടെ സൗകര്യാർത്ഥം നിയമസഭാഹോസ്റ്റലിൽ വെജിറ്റേറിയൻ കാന്റീൻ, നോൺ വെജിറ്റേറിയൻ കാന്റീൻ എന്നിവ പ്രവർത്തിക്കുന്നു. നിയമസഭാമന്ദിരത്തിലുള്ള കോഫി ഹൗസ് കൂടാതെ സമ്മേളനകാലത്ത് അംഗങ്ങൾക്ക് പ്രത്യേകമായി ഒന്നാം നിലയിൽ ഇന്ത്യൻ കോഫി ഹൗസിന്റെ ഒരു കാന്റീൻ പ്രവർത്തിക്കുന്നു.

## 20. റിസപ്ഷൻ സെക്ഷൻ

നിയമസഭാ സമ്മേളനസമയത്ത് അംഗത്തിന്റെ അതിഥികളായി എത്തുന്നവർക്ക് പബ്ലിക് ഗ്യാലറിയിലേക്കും, സ്പീക്കറുടെ ഗ്യാലറിയിലേക്കും പാസ്സുകൾ മുഖേന പ്രവേശനം അനുവദിക്കുന്നതാണ്. ഇതിനുള്ള അപേക്ഷാഫാറം റിസപ്ഷൻ സെക്ഷനിൽ നിന്നും ലഭിക്കുന്നതാണ്. പ്രസ്തുത ഫാറം അംഗം സാക്ഷ്യപ്പെടുത്തേണ്ടതാകുന്നു. ഓരോ അംഗത്തിന്റെയും ശുപാർശ പ്രകാരം ഒരു ദിവസം രണ്ടുപേർക്ക് പ്രവേശനം അനുവദിക്കുന്നതാണ്. സംഘമായി വരുന്ന സന്ദർശകരെ സഭ കാണാൻ അംഗം ശുപാർശ ചെയ്യുന്നുവെങ്കിൽ അവരെ നിയമസഭാസ്പീക്കറുടെ അനുമതിയ്ക്ക് വിധേയമായി കാണാൻ അനുവദിക്കുന്നതാണ്. മറ്റ് സഹായം ആവശ്യമാകുന്നപക്ഷം അംഗങ്ങൾക്ക് റിസപ്ഷൻ സെക്ഷനുമായി ബന്ധപ്പെടാവുന്നതാണ്. (ഫോൺ നമ്പർ- 2028/2029)

## 21. റിസർച്ച് സെക്ഷൻ

റിസർച്ച് സെക്ഷനിൽ നിന്നും സാമാജികർക്ക് വേണ്ടി ആനുകാലിക പ്രസിദ്ധീകരണങ്ങളിലെ പ്രധാന ലേഖനങ്ങൾ ഉൾക്കൊള്ളുന്ന 'ഫോക്കസ്' എന്ന ദ്വൈവാരികയും, പ്രാദേശികവും ദേശീയവും അന്തർദേശീയവുമായ വാർത്തകളടങ്ങുന്ന 'ന്യൂസ് ഡൈജസ്റ്റ്' എന്ന മാസികയും പ്രസിദ്ധീകരിച്ചുവരുന്നുണ്ട്. (ഫോൺ നമ്പർ 2079).

22. **നിയമസഭാ ലൈബ്രറി**

സാമാജികർക്ക് വേണ്ടി വിപുലമായ ഒരു ലൈബ്രറി നിയമസഭയുടെ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിൽ പ്രവർത്തിക്കുന്നുണ്ട്. കമ്പ്യൂട്ടർവൽകരിച്ചിട്ടുള്ള ലൈബ്രറിയിൽ നിന്നും സാമാജികർക്ക് ആവശ്യമായ വിവരങ്ങൾ എല്ലാം ലഭ്യമാകുന്നതാണ്. സാമാജികർക്ക് ആവശ്യമായ വിവരങ്ങൾ അടങ്ങുന്ന ഡൊക്യുമെന്റ്സ് OPAC (On Line Public Access)-ൽ കൂടി നിയമസഭാ ലൈബ്രറിയിൽ ലഭ്യമാണോ എന്നറിയാൻ കഴിയും. നിയമസഭാ ലൈബ്രറി ചട്ടങ്ങൾക്ക് വിധേയമായി ലൈബ്രറിയുടെ സൗകര്യങ്ങളെല്ലാം അംഗങ്ങൾക്ക് ഉപയോഗപ്പെടുത്താവുന്നതാണ്. നിയമസഭാമന്ദിരത്തിലെ 504-ാം നമ്പർ റൂമിൽ നിയമസഭാ സാമാജികർക്കായി ലൈബ്രറിയുടെ റഫറൻസ് ബ്രാഞ്ച് പ്രവർത്തിക്കുന്നു. ഇതുകൂടാതെ നിയമസഭാ ഹോസ്റ്റലിൽ നിയമസഭാ ലൈബ്രറിയുടെ ഒരു എക്സ്റ്റൻഷൻ കൗണ്ടർ കൂടി പ്രവർത്തിക്കുന്നുണ്ട്. (ഫോൺ നമ്പർ 2259).

നിയമസഭാ ലൈബ്രറിയുടെ ശേഖരത്തിലേക്ക് വാങ്ങുന്ന പുതിയ പുസ്തകങ്ങളെ സംബന്ധിച്ച വിവരങ്ങൾ ഉൾക്കൊള്ളുന്ന 'കേരള ലെജിസ്ലേച്ചർ ലൈബ്രറി ബുള്ളറ്റിൻ' എന്ന മാസികയും, സമകാലിക രാഷ്ട്രീയം, നിയമം, നിയമനിർമ്മാണം എന്നീ വിഷയങ്ങളെപ്പറ്റി പ്രതിപാദിക്കുന്ന 'ലീഗൽ ആന്റ് കോൺസ്റ്റിട്യൂഷണൽ ഡൈജസ്റ്റ്' എന്ന ത്രൈമാസികവും പ്രസിദ്ധീകരിച്ചു വരുന്നു. നിയമസഭാ സാമാജികരുടെയും മുൻ സാമാജികരുടെയും സാഹിത്യ-കലാ സൃഷ്ടികൾക്ക് പ്രമുഖ്യം നൽകി 'സാമാജികൻ' എന്ന ത്രൈമാസകവും ലൈബ്രറിയിൽ നിന്നും പ്രസിദ്ധീകരിച്ചുവരുന്നുണ്ട്. (ഫോൺ നമ്പർ 2522).

**നിയമസഭാ ഹോസ്റ്റൽ - ഫോൺ നമ്പരുകൾ**

| | | |
|---|---|---|
| എസ്റ്റേറ്റ് ഓഫീസർ | - | 2206 |
| അമിനിറ്റീസ് 'എ' സെക്ഷൻ | - | 2204 |
| അമിനിറ്റീസ് 'ബി' സെക്ഷൻ | - | 2211 |
| അമിനിറ്റീസ് 'സി' സെക്ഷൻ | - | 2254 |
| അമിനിറ്റീസ് 'ഡി' സെക്ഷൻ | - | 2268 |
| അമിനിറ്റീസ് 'ഇ' സെക്ഷൻ | - | 2207 |
| അമിനിറ്റീസ് 'എഫ്' സെക്ഷൻ | - | 2278 |
| ഡോക്ടർ | - | 2216 |
| ഹെൽത്ത് ക്ലിനിക് | - | 2215 |
| അസിസ്റ്റന്റ് മാനേജർ | - | 2261 |
| എൻക്വയറി കൗണ്ടർ | - | 2260 |
| കാന്റീൻ (വെജിറ്റേറിയൻ) | - | 2265 |
| കാന്റീൻ (നോൺ വെജിറ്റേറിയൻ) | - | 2266 |
| റെയിൽവേ കൗണ്ടർ | - | 2392 |